**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 16** **16-09-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എ. രാജ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല വിമാനത്താവളത്തിന് അനുമതി നൽകുന്നതിന് ആദ്യഘട്ടത്തിൽ കേന്ദ്ര സർക്കാർ വിസമ്മതിച്ചെങ്കിലും സംസ്ഥാന സർക്കാറിന്റെ ഇച്ഛാശക്തിയോടുള്ള പ്രവർത്തനത്താലാണ് പ്രസ്തുത പദ്ധതിക്ക് അനുമതി നേടിയതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | ശബരിമല തീർത്ഥാടകർ, പ്രവാസികൾ, വിനോദസഞ്ചാരികൾ, കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലെയും സമീപപ്രദേശങ്ങളിലെയും ജനങ്ങൾ എന്നിവരുടെ സൗകര്യാർത്ഥം ശബരിമല അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നോഡൽ ഏജൻസിയായി KSIDCയെ നിയമിക്കുകയും 2017 ഫെബ്രുവരിയിൽ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു.KSIDC നിയമിച്ച കൺസൾട്ടന്റായ മെസ്സേഴ്സ് ലൂയിസ് ബെർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കി, സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് അയച്ചു. TEFR-നെക്കുറിച്ചുള്ള ഡയറക്ടർ ജനറൽ സിവിൽ ഏവിയേഷന്റെയും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ, പുതുക്കിയ TEFR, മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിമാനത്താവളത്തിന് സിവിൽ ഏവിയേഷൻ മന്ത്രാലയം 2023 ഏപ്രിൽ 13-ന് 'സൈറ്റ് ക്ലിയറൻസ്' നൽകിയിട്ടുണ്ട്. |
| (ബി) | കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ വികസനത്തിനും ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനും പ്രസ്തുത പദ്ധതി സഹായകരമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) | ശബരിമല തീർത്ഥാടകർ, പ്രവാസികൾ, വിനോദസഞ്ചാരികൾ, കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലെയും സമീപപ്രദേശങ്ങളിലെയും ജനങ്ങൾ എന്നിവരുടെ സൗകര്യാർത്ഥം ശബരിമല അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നോഡൽ |

| | | | |
|---|---|---|---|
| | | | ഏജൻസിയായി KSIDC യെ നിയമിക്കുകയും 2017 ഫെബ്രുവരിയിൽ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു.KSIDC നിയമിച്ച കൺസൾട്ടന്റായ മെസ്സേഴ്സ് ലൂയിസ് ബെർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കി, സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് അയച്ചു. TEFR-നെ കുറിച്ചുള്ള ഡയറക്ടർ ജനറൽ സിവിൽ ഏവിയേഷന്റെയും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ, പുതുക്കിയ TEFR, മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിമാനത്താവളത്തിന് സിവിൽ ഏവിയേഷൻ മന്ത്രാലയം 2023 ഏപ്രിൽ 13-ന് 'സൈറ്റ് ക്ലിയറൻസ്' നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ വിവിധ വിദഗ്ദ്ധ സമിതികളുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് പ്രാഥമികമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് 2023 ജൂൺ 30- നും ആഭ്യന്തര മന്ത്രാലയത്തിൽ നിന്നുള്ള സുരക്ഷാ ക്ലിയറൻസ് 2025 മെയ് 20 നും ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി അനുമതിക്കായുള്ള 'ടേംസ് ഓഫ് റഫറൻസ്' കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് കേന്ദ്ര മന്ത്രാലയത്തിന് വൈകാതെ സമർപ്പിക്കുന്നതാണ്. DPR ന്റെ തത്വത്തിലുള്ള അനുമതിക്കായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കോട്ടയം ജില്ലയിലെ എരുമേലി സൌത്ത്, മണിമല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 2570 ഏക്കർ ഭൂമിയാണ് വിമാനത്താവള പദ്ധതിക്കായി ഏറ്റെടുക്കേണ്ടത്. ഇതിൽ ചെറുവള്ളി എസ്റ്റേറ്റിലെയും പുറത്തുമുള്ള ഭൂമി ഉൾപ്പെട്ടിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടിക്ക് ഇതിനകം അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്ര ഏക്കർ സ്ഥലം ആവശ്യമായിവരുമെന്നും വ്യക്തമാക്കാമോ; | (ഡി) | കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് 2023 ജൂൺ 30- നും ആഭ്യന്തര മന്ത്രാലയത്തിൽ നിന്നുള്ള സുരക്ഷാ ക്ലിയറൻസ് 2025 മെയ് 20 നും ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി അനുമതിക്കായുള്ള 'ടേംസ് ഓഫ് റഫറൻസ്' കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് കേന്ദ്ര മന്ത്രാലയത്തിന് |

| | | | |
|---|---|---|---|
| | | | വൈകാതെ സമർപ്പിക്കുന്നതാണ്. DPR ന്റെ തത്വത്തിലുള്ള അനുമതിക്കായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കോട്ടയം ജില്ലയിലെ എരുമേലി സൌത്ത്, മണിമല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 2570 ഏക്കർ ഭൂമിയാണ് വിമാനത്താവള പദ്ധതിക്കായി ഏറ്റെടുക്കേണ്ടത്. ഇതിൽ ചെറുവള്ളി എസ്റ്റേറ്റിലെയും പുറത്തുമുള്ള ഭൂമി ഉൾപ്പെട്ടിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടിക്ക് ഇതിനകം അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിനാവശ്യമായ പ്രാഥമിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും ഏകോപനം ഉറപ്പാക്കാനുമായി അവലോകന യോഗങ്ങൾ യഥാസമയം നടത്തി പുരോഗതി വിലയിരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ